# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 449 — 12.06.2012-ൽ മറുപടിക്ക്.

### കോരാണിയ്ക്കും കടമ്പനാട്ടുകോണത്തിനും ഇടയിൽ ഉണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി സത്യൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | നാഷണൽ ഹൈവേയിൽ കോരാണിയ്ക്കും കടമ്പാട്ടുകോണത്തിനും ഇടയിൽ നിരന്തരമുണ്ടാകുന്ന അപകടങ്ങൾ റോഡ് സുരക്ഷാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് തടയാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കോവളം- കൊല്ലം റോഡ് അപകടരഹിത മാതൃകാ റോഡാക്കുന്നതിന് തീരുമാനിക്കുകയും അപകടനിവാരണ പ്രവർത്തനങ്ങൾക്ക് രണ്ടു കോടിയിൽപരം രൂപ നല്കുകയും, ഈ റോഡിലെ അപകട സാധ്യതാ സ്ഥലങ്ങളും അതീവ അപകട സാധ്യതാ മേഖലകളും കണ്ടുപിടിച്ച് നിവാരണ പ്രവർത്തനങ്ങൾ നടത്തുവാൻ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട കോരാണി മുതൽ കടമ്പാട്ടുകോണം വരെയുള്ള ഭാഗത്ത് പട്രോളിംഗ് ശക്തമാക്കി ഇന്റർസെപ്റ്റർ ഉപയോഗിച്ച് വേഗത പരിശോധന നടത്തി അമിത വേഗത്തിൽ വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | എം.സി റോഡിൽ പൊരുന്തമൺ ഭാഗത്ത് സ്ഥിരം അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | ഉണ്ട്. ഈ ഭാഗം കേന്ദ്രീകരിച്ച് പട്രോളിംഗ് ശക്തിപ്പെടുത്തിയും വാഹനങ്ങൾ അമിതവേഗതയിൽ പോകുന്നുണ്ടോയെന്നും മദ്യപിച്ച് വാഹനം ഓടിക്കുന്നുണ്ടോയെന്നും പരിശോധിച്ച് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ എം.സി റോഡിൽ പൊതുവായി അപകടങ്ങൾ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആവശ്യമായ അപകട നിവാരണ പ്രവർത്തനങ്ങൾ നടത്തുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ